**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4463** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ പഴയ സാധന സാമഗ്രികൾ വിറ്റഴിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയെ വിവിധ പ്രതിസന്ധികളിൽ നിന്നും കരകയറ്റുന്നതിനും പൂർവ്വാധികം ശക്തിയോടെ നിലനിർത്താനുമുള്ള സർക്കാരിന്റെ ശ്രമങ്ങൾ ഈ മേഖലയിലെ ആശങ്കകൾ അകറ്റി അത്മവിശ്വാസം പകരാൻ പര്യാപ്തമായെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സഹകരണ മേഖലയെ വിവിധ പ്രതിസന്ധികളിൽ നിന്നും കരകയറ്റുന്നതിന് ആവശ്യമായ ശ്രമങ്ങൾ സർക്കാർതലത്തിൽ നടത്തിവരുന്നുണ്ട്. കേരള സഹകരണ നിയമ ഭേദഗതി, ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പദ്ധതിയിൽ വരുത്തിയ മാറ്റങ്ങൾ, സഹകരണ പുനരുദ്ധാരണ നിധി തുടങ്ങിയവയിലൂടെ ഈ മേഖലയിലെ ആശങ്ക അകറ്റി ആത്മവിശ്വാസം പകരാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. കുടിശ്ശിക നിവാരണ പദ്ധതി, റിസ്ക് ഫണ്ട് പദ്ധതി, അംഗ സമാശ്വാസ നിധി, കേരള സഹകരണ പുനരുദ്ധാരണ നിധി സ്കീം എന്നിവയെല്ലാം സഹകാരികളിലും അംഗങ്ങളിലും ആത്മവിശ്വാസം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുകയും, യൂണിറ്റ് ഇൻസ്പെക്ടർമാരുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും ന്യൂനത പരിഹരണം നിരീക്ഷിക്കുന്നതിനുമായി മൊബൈൽ-ആപ്പ് സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കുന്നതിനായി ഓരോ സഹകരണ സംഘങ്ങളും മുന്നോട്ട് വരുമ്പോൾ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും വേണ്ടത്ര സഹകരണം ഉറപ്പ് വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതിനായി ഓരോ സഹകരണ സംഘവും മുന്നോട്ട് വരുമ്പോൾ അവയെ പ്രോത്സാഹിപ്പിക്കുന്നതിനും, സഹായിക്കുന്നതിനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും വേണ്ടത്ര സഹകരണം ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന വിവിധയിനം പദ്ധതികൾ ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), താലൂക്ക്തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ |

| | | | |
|---|---|---|---|
| | | | (ജനറൽ) ഓഫീസുകൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | വിവിധ സഹകരണ സംഘങ്ങളിലെ ഉപയോഗ ശൂന്യമായ സാധന സാമഗ്രികൾ വിറ്റഴിക്കുന്നതിന് നിയമാനുസൃതമായ എല്ലാ നടപടികളും പൂർത്തീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും അനുകൂലമായി ശിപാർശ ചെയ്ത് ജോയിന്റ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് അനുമതി നൽകാത്തതിനാൽ സംഘങ്ങൾക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ജില്ലകളിലെ വിവിധ സഹകരണ സംഘങ്ങളിലെ ഉപയോഗ ശൂന്യമായ സാധനസാമഗ്രികൾ വിറ്റഴിക്കുന്നതിന് നിയമാനുസരണം സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചു വരുന്നുണ്ട്. മൂന്ന് മാസത്തിലധികമായിട്ടും തീർപ്പ് കൽപ്പിക്കാൻ ബാക്കി നിൽക്കുന്നതായി ആലപ്പുഴ ജില്ലയിൽ ഒന്നും, കോട്ടയം ജില്ലയിൽ രണ്ടും, എറണാകുളം ജില്ലയിൽ ആറും, പാലക്കാട് ജില്ലയിൽ നാലും കോഴിക്കോട് ജില്ലയിൽ പതിനൊന്നും അപേക്ഷകൾ മാത്രമാണുള്ളത്. |
| (ഡി) | നടപടികൾ പൂർത്തിയാക്കി അസിസ്റ്റന്റ് രജിസ്ട്രാറുടെ ശിപാർശയോടെ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിൽ അയച്ചതും മൂന്ന് മാസത്തിലധികമായിട്ടും അനുമതി നൽകാത്തതുമായ എത്ര അപേക്ഷകളാണ് ഓരോ ഓഫീസിലും കെട്ടിക്കിടക്കുന്നതെന്നത് അറിയിക്കാമോ; | (ഡി) | ജില്ലകളിലെ വിവിധ സഹകരണ സംഘങ്ങളിലെ ഉപയോഗ ശൂന്യമായ സാധനസാമഗ്രികൾ വിറ്റഴിക്കുന്നതിന് നിയമാനുസരണം സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചു വരുന്നുണ്ട്. മൂന്ന് മാസത്തിലധികമായിട്ടും തീർപ്പ് കൽപ്പിക്കാൻ ബാക്കി നിൽക്കുന്നതായി ആലപ്പുഴ ജില്ലയിൽ ഒന്നും, കോട്ടയം ജില്ലയിൽ രണ്ടും, എറണാകുളം ജില്ലയിൽ ആറും, പാലക്കാട് ജില്ലയിൽ നാലും കോഴിക്കോട് ജില്ലയിൽ പതിനൊന്നും അപേക്ഷകൾ മാത്രമാണുള്ളത്. |
| (ഇ) | ഇത്തരത്തിൽ നടപടിക്രമങ്ങളിലുണ്ടാകുന്ന അനിയന്ത്രിതമായ കാലതാമസം ഒഴിവാക്കുന്നതിനായി മൂന്ന് ലക്ഷത്തിൽ താഴെ മൊത്ത വില വരുന്നതും ഉപയോഗ ശൂന്യവുമായ സാധന സാമഗ്രികൾ അപേക്ഷ സമർപ്പിച്ച് നിശ്ചിത ദിവസങ്ങൾക്കുള്ളിൽ തന്നെ നടപടികൾ പൂർത്തീകരിച്ച് ലേലം, ടെൻഡർ, മറ്റ് നടപടികളിലൂടെ ഒഴിവാക്കുന്നതിനായി പ്രത്യേക നിർദ്ദേശം നൽകുമോ; | (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (എഫ്) | അപേക്ഷ സമർപ്പിച്ച് വെരിഫിക്കേഷനും അനന്തര നടപടികളും പൂർത്തീകരിച്ചിട്ടുള്ളവയിൽ സമയബന്ധിതമായി തീരുമാനങ്ങൾ കൈക്കൊള്ളാതെ അകാരണമായി നീട്ടിക്കൊണ്ടു പോകുന്ന ജീവനക്കാർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | അപേക്ഷ സമർപ്പിച്ച് വെരിഫിക്കേഷനും അനന്തരനടപടികളും പൂർത്തീകരിച്ചിട്ടുള്ളവയിൽ സമയബന്ധിതമായി തീരുമാനങ്ങൾ കൈക്കൊള്ളാതെ അകാരണമായി നീട്ടികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരം നീട്ടികൊണ്ടു പോകുന്നത് ശ്രദ്ധയിൽപെടുന്ന പക്ഷം അത്തരം ജീവനക്കാർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ